## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1839 — 17.12.2012-ൽ മറുപടിയ്ക്ക്

### പി.എസ്.സി റാങ്ക് ലിസ്റ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി-യിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | ഇല്ല. എന്നാൽ കൂടുതലായി 30 പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര റാങ്ക് ലിസ്റ്റുകൾ മരവിപ്പിക്കുകയുണ്ടായി; വിശദമാക്കുമോ; | (ബി) | പി.എസ്.സി. നിയമന ശിപാർശയ്ക്കായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളൊന്നും മരവിപ്പിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ റദ്ദു ചെയ്യുകയുണ്ടായി; വിശദമാക്കുമോ; | (സി) | 01.01.2011 മുതൽ 30.11.2012 വരെ 228 റാങ്ക് ലിസ്റ്റുകൾ റദ്ദു ചെയ്യുകയോ കാലഹരണപ്പെടുകയോ ചെയ്തിട്ടുണ്ട്. |
| (ഡി) | സമയബന്ധിതമായി റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) | റാങ്ക് ലിസ്റ്റുകളുടെ കാലാവധിയ്ക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളിലേയ്ക്കും 15 ദിവസത്തിനകം നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ